# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 17

# വാർത്താക്കുറിപ്പ്

## പുതുക്കിയ ടൈംടേബിൾ

ബി.എസ്‌സി. ഇലക്ട്രോണിക്സ് മോഡൽ 3, ഇലക്ട്രോണിക്സ് ആന്റ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ 3 (നാലാം സെമസ്റ്റർ സി.ബി.സി.എസ്. - 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾ മാർച്ച് 23ന് നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/409/2020)

## പ്രാക്ടിക്കൽ/വൈവാവോസി

2020 ഫെബ്രുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2018 അഡ്മിഷൻ റഗുലർ, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 20 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/410/2020)

2020 ഫെബ്രുവരിയിൽ നടന്ന ഒന്നാം വർഷ ബി.ഫാം (2016ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവാവോസി മാർച്ച് 21 മുതൽ 28 വരെ പുതുപ്പള്ളി സീപാസിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/411/2020)

ആറാം സെമസ്റ്റർ ബി.കോം. (സി.ബി.സി.എസ്. ആന്റ് സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 28, ഏപ്രിൽ ഒന്ന്, മൂന്ന്, നാല് തീയതികളിലും വൈവാവോസി ഏപ്രിൽ ആറ്, ഏഴ്, എട്ട് തീയതികളിലും അതത് കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/412/2020)

## പരീക്ഷഫലം

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (സി.എസ്.എസ്. - റഗുലർ/റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2015ന് മുമ്പുള്ള അഡ്മിഷൻ വിദ്യാർഥികൾ ഓൺലൈനായി ഫീസടച്ചശേഷം നേരിട്ടും 2015 അഡ്മിഷൻ മുതലുള്ളവർ ഓൺലൈനായും മാർച്ച് 26നകം അപേക്ഷ നൽകണം.

(പി.ആർ.ഒ/39/413/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. മാത്തമാറ്റിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/414/2020)

## 'ബ്രേക്ക് ദി ചെയിൻ' കാമ്പയിനിൽ എം.ജി.യും; ബോധവത്ക്കരണത്തിനും തുടക്കം

കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന 'ബ്രേക്ക് ദി ചെയിൻ' കാമ്പയിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയും. സർവകലാശാലയിലെ അന്വേഷണ വിഭാഗം, പരീക്ഷഭവൻ, ഭരണവിഭാഗം എന്നിവിടങ്ങളിൽ സാനിറ്റൈസർ ഉപയോഗിച്ച് കൈകഴുകുന്നതിനും അണുവിമുക്തമാക്കുന്നതിനും പ്രത്യേക കിയോസ്കുകൾ തയാറാക്കി.

സർവകലാശാലയിലെത്തുന്ന ജീവനക്കാരും പൊതുജനങ്ങളും സാനിറ്റൈസർ ഉപയോഗിച്ച് കൈകഴുകി സുരക്ഷ ഉറപ്പുവരുത്തിയാണ് സെക്ഷനിൽ പ്രവേശിക്കുക. ശാസ്ത്രീയമായി കൈകഴുകുന്നതിനുള്ള മാർഗനിർദ്ദേശങ്ങളടങ്ങിയ ബാനറുകളും കിയോസ്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

'ബ്രേക്ക് ദി ചെയിൻ' കിയോസ്കുകളുടെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാറിന് സാനിറ്റൈസർ നൽകിയായിരുന്നു ഉദ്ഘാടനം. സിൻഡിക്കേറ്റംഗം പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ, പ്രൊഫ. കെ. ജയചന്ദ്രൻ, രജിസ്ട്രാർ പ്രൊഫ. ബി. പ്രകാശ് കുമാർ, പി.ആർ.ഒ. അരുൺ കുമാർ എ., സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ്, എസ്റ്റേറ്റ് ഓഫീസർ ആർ. വെങ്കിടേശ്വരൻ എന്നിവർ പങ്കെടുത്തു.

എം.ജി. സർവകലാശാലയുടെ നേതൃത്വത്തിൽ കോവിഡ്-19 പൊതുജന ബോധവത്ക്കരണ പരിപാടികൾക്കും തുടക്കമായി. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ സോഷ്യൽ വർക് വിഭാഗം വിദ്യാർഥികൾ കോട്ടയം, നാഗമ്പടം, തിരുനക്കര ബസ്സ്റ്റാന്റുകളിൽ ബോധവത്ക്കരണ കേന്ദ്രങ്ങൾ ആരംഭിച്ചു. സാനിറ്റൈസർ ഉപയോഗം, വ്യക്തിഗത ശുചിത്വം, സാമൂഹിക ശുചിത്വം തുടങ്ങി പൊതുജനങ്ങൾ സ്വീകരിക്കേണ്ട പ്രതിരോധ മാർഗങ്ങൾ വിശദീകരിക്കുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്യും. ലഘുലേഖകളും വിതരണം ചെയ്യുന്നു.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് അധ്യാപകരായ ഡോ. കെ.എം. മുസ്തഫ, എം. അരുൺ, വിദ്യാർഥികളായ അഭിജിത്, ഇ.എസ്. അബിമോൻ, അനന്തു, ഗോപിക, ശ്യാം, ശരത്, അമൃത എന്നിവരാണ് ബോധവത്ക്കരണ കേന്ദ്രങ്ങൾക്ക് നേതൃത്വം നൽകുന്നത്.

## ഫോട്ടോ ക്യാപ്ഷൻ

**കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 'ബ്രേക്ക് ദി ചെയിൻ' കാമ്പയിനിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്ഥാപിച്ച പ്രത്യേക കിയോസ്കുകളുടെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു. ഉദ്ഘാടനത്തിന്റെ ഭാഗമായി നൽകിയ സാനിറ്റൈസർ ഉപയോഗിച്ച് ശാസ്ത്രീയമായി കൈ കഴുകുന്ന രീതി കാട്ടിക്കൊടുക്കുകയാണ് പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ. സിൻഡിക്കേറ്റംഗം പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ സമീപം**

(പി.ആർ.ഒ/39/415/2020)

# കുറഞ്ഞ വിലയ്ക്ക് ഹാന്റ് സാനിറ്റൈസറുമായി മഹാത്മാ ഗാന്ധി സർവകലാശാല

കുറഞ്ഞ വിലയ്ക്ക് സാനിറ്റൈസർ ഉല്പാദിപ്പിച്ച് മഹാത്മാ ഗാന്ധി സർവകലാശാല. സ്കൂൾ ഓഫ് കെമിക്കൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ സഹകരണത്തോടെയാണ് അധ്യാപകരും വിദ്യാർഥികളും ഗവേഷകരും ചേർന്ന് ഹാന്റ് സാനിറ്റൈസർ പുറത്തിറക്കിയത്. അറുപത്, നൂറ് രൂപയുടെ 60, 100 മില്ലി ബോട്ടിലുകളാണ് വിതരണം ചെയ്യുന്നത്. രണ്ടുതുള്ളി സാനിറ്റൈസർ കൊണ്ട് സുരക്ഷിതമായി കൈകഴുകാനാകും.

'ബ്രേക്ക് ദി ചെയിൻ' കാമ്പയിന്റെ ഭാഗമായി സർവകലാശാലയുടെ പ്രത്യേക കിയോസ്കുകളിൽ ഉപയോഗിക്കുന്നതും എം.ജി.യുടെ ഹാന്റ് സാനിറ്റൈസറാണ്. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് വിപണനോദ്ഘാടനം നിർവഹിച്ചു. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടർ പ്രൊഫ. ബീന മാത്യു, ഐ.ക്യു.എ.സി. ഡയറക്ടർ പ്രൊഫ. റോബിനറ്റ് ജേക്കബ്, പ്രൊഫ. കെ.എസ്. ദേവകി, ഡോ. എസ്. അനസ് എന്നിവർ പങ്കെടുത്തു. ഹാന്റ് സാനിറ്റൈസറിന് ആവശ്യക്കാരേറെയാണ്. ഓർഡർ അനുസരിച്ചാണ് ഉല്പാദനം.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും ചേർന്ന് പുറത്തിറക്കിയ ഹാന്റ് സാനിറ്റൈസറിന്റെ വിപണനോദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു**

(പി.ആർ.ഒ/39/416/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 17

# വാർത്താക്കുറിപ്പ്

## പുതുക്കിയ ടൈംടേബിൾ

ബി.എസ്‌സി. ഇലക്‌ട്രോണിക്‌സ് മോഡൽ 3, ഇലക്‌ട്രോണിക്‌സ് ആന്റ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ 3 (നാലാം സെമസ്റ്റർ സി.ബി.സി.എസ്. - 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾ മാർച്ച് 23ന് നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/409/2020)

## പ്രാക്ടിക്കൽ/വൈവാവോസി

2020 ഫെബ്രുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2018 അഡ്മിഷൻ റഗുലർ, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 20 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/410/2020)

2020 ഫെബ്രുവരിയിൽ നടന്ന ഒന്നാം വർഷ ബി.ഫാം (2016ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവാവോസി മാർച്ച് 21 മുതൽ 28 വരെ പുതുപ്പള്ളി സീപാസിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/411/2020)

ആറാം സെമസ്റ്റർ ബി.കോം. (സി.ബി.സി.എസ്. ആന്റ് സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 28, ഏപ്രിൽ ഒന്ന്, മൂന്ന്, നാല് തീയതികളിലും വൈവാവോസി ഏപ്രിൽ ആറ്, ഏഴ്, എട്ട് തീയതികളിലും അതത് കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/412/2020)

## പരീക്ഷഫലം

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (സി.എസ്.എസ്. - റഗുലർ/റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2015ന് മുമ്പുള്ള അഡ്മിഷൻ വിദ്യാർഥികൾ ഓൺലൈനായി ഫീസടച്ചശേഷം നേരിട്ടും 2015 അഡ്മിഷൻ മുതലുള്ളവർ ഓൺലൈനായും മാർച്ച് 26നകം അപേക്ഷ നൽകണം.

(പി.ആർ.ഒ/39/413/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. മാത്തമാറ്റിക്‌സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/414/2020)

## 'ബ്രേക്ക് ദി ചെയിൻ' കാമ്പയിനിൽ എം.ജി.യും; ബോധവത്ക്കരണത്തിനും തുടക്കം

കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന 'ബ്രേക്ക് ദി ചെയിൻ' കാമ്പയിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയും. സർവകലാശാലയിലെ അന്വേഷണ വിഭാഗം, പരീക്ഷഭവൻ, ഭരണവിഭാഗം എന്നിവിടങ്ങളിൽ സാനിറ്റൈസർ ഉപയോഗിച്ച് കൈകഴുകുന്നതിനും അണുവിമുക്തമാക്കുന്നതിനും പ്രത്യേക കിയോസ്‌കുകൾ തയാറാക്കി.

സർവകലാശാലയിലെത്തുന്ന ജീവനക്കാരും പൊതുജനങ്ങളും സാനിറ്റൈസർ ഉപയോഗിച്ച് കൈകഴുകി സുരക്ഷ ഉറപ്പുവരുത്തിയാണ് സെക്ഷനിൽ പ്രവേശിക്കുക. ശാസ്ത്രീയമായി കൈകഴുകുന്നതിനുള്ള മാർഗനിർദ്ദേശങ്ങളടങ്ങിയ ബാനറുകളും കിയോസ്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

'ബ്രേക്ക് ദി ചെയിൻ' കിയോസ്കുകളുടെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാറിന് സാനിറ്റൈസർ നൽകിയായിരുന്നു ഉദ്ഘാടനം. സിൻഡിക്കേറ്റംഗം പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ, പ്രൊഫ. കെ. ജയചന്ദ്രൻ, രജിസ്ട്രാർ പ്രൊഫ. ബി. പ്രകാശ് കുമാർ, പി.ആർ.ഒ. അരുൺ കുമാർ എ., സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ്, എസ്റ്റേറ്റ് ഓഫീസർ ആർ. വെങ്കിടേശ്വരൻ എന്നിവർ പങ്കെടുത്തു.

എം.ജി. സർവകലാശാലയുടെ നേതൃത്വത്തിൽ കോവിഡ്-19 പൊതുജന ബോധവത്ക്കരണ പരിപാടികൾക്കും തുടക്കമായി. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ സോഷ്യൽ വർക് വിഭാഗം വിദ്യാർഥികൾ കോട്ടയം, നാഗമ്പടം, തിരുനക്കര ബസ്സ്റ്റാന്റുകളിൽ ബോധവത്ക്കരണ കേന്ദ്രങ്ങൾ ആരംഭിച്ചു. സാനിറ്റൈസർ ഉപയോഗം, വ്യക്തിഗത ശുചിത്വം, സാമൂഹിക ശുചിത്വം തുടങ്ങി പൊതുജനങ്ങൾ സ്വീകരിക്കേണ്ട പ്രതിരോധ മാർഗങ്ങൾ വിശദീകരിക്കുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്യും. ലഘുലേഖകളും വിതരണം ചെയ്യുന്നു.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് അധ്യാപകരായ ഡോ. കെ.എം. മുസ്തഫ, എം. അരുൺ, വിദ്യാർഥികളായ അഭിജിത്, ഇ.എസ്. അബിമോൻ, അനന്തു, ഗോപിക, ശ്യാം, ശരത്, അമൃത എന്നിവരാണ് ബോധവത്ക്കരണ കേന്ദ്രങ്ങൾക്ക് നേതൃത്വം നൽകുന്നത്.

## ഫോട്ടോ ക്യാപ്ഷൻ

**കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 'ബ്രേക്ക് ദി ചെയിൻ' കാമ്പയിനിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്ഥാപിച്ച പ്രത്യേക കിയോസ്കുകളുടെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു. ഉദ്ഘാടനത്തിന്റെ ഭാഗമായി നൽകിയ സാനിറ്റൈസർ ഉപയോഗിച്ച് ശാസ്ത്രീയമായി കൈ കഴുകുന്ന രീതി കാട്ടിക്കൊടുക്കുകയാണ് പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ. സിൻഡിക്കേറ്റംഗം പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ സമീപം**

(പി.ആർ.ഒ/39/415/2020)

# കുറഞ്ഞ വിലയ്ക്ക് ഹാന്റ് സാനിറ്റൈസറുമായി മഹാത്മാ ഗാന്ധി സർവകലാശാല

കുറഞ്ഞ വിലയ്ക്ക് സാനിറ്റൈസർ ഉല്പാദിപ്പിച്ച് മഹാത്മാ ഗാന്ധി സർവകലാശാല. സ്കൂൾ ഓഫ് കെമിക്കൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ സഹകരണത്തോടെയാണ് അധ്യാപകരും വിദ്യാർഥികളും ഗവേഷകരും ചേർന്ന് ഹാന്റ് സാനിറ്റൈസർ പുറത്തിറക്കിയത്. അറുപത്, നൂറ് രൂപയുടെ 60, 100 മില്ലി ബോട്ടിലുകളാണ് വിതരണം ചെയ്യുന്നത്. രണ്ടുതുള്ളി സാനിറ്റൈസർ കൊണ്ട് സുരക്ഷിതമായി കൈകഴുകാനാകും.

'ബ്രേക്ക് ദി ചെയിൻ' കാമ്പയിന്റെ ഭാഗമായി സർവകലാശാലയുടെ പ്രത്യേക കിയോസ്കുകളിൽ ഉപയോഗിക്കുന്നതും എം.ജി.യുടെ ഹാന്റ് സാനിറ്റൈസറാണ്. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് വിപണനോദ്ഘാടനം നിർവഹിച്ചു. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടർ പ്രൊഫ. ബീന മാത്യു, ഐ.ക്യു.എ.സി. ഡയറക്ടർ പ്രൊഫ. റോബിനറ്റ് ജേക്കബ്, പ്രൊഫ. കെ.എസ്. ദേവകി, ഡോ. എസ്. അനസ് എന്നിവർ പങ്കെടുത്തു. ഹാന്റ് സാനിറ്റൈസറിന് ആവശ്യക്കാരേറെയാണ്. ഓർഡർ അനുസരിച്ചാണ് ഉല്പാദനം.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും ചേർന്ന് പുറത്തിറക്കിയ ഹാന്റ് സാനിറ്റൈസറിന്റെ വിപണനോദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു**

(പി.ആർ.ഒ/39/416/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ